LIBRARY ARCHIVES Kerala Legislative Assembly

മിഷൻ 676-ൽ ഉൾപ്പെടുത്തി തലസ്ഥാന നഗരവികസനം

162 (1600) ശ്രീ. കെ. മുരളീധരൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി തലസ്ഥാനനഗര വികസനത്തിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് പ്രസ്തുത മിഷൻ മുഖേന നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എടുത്തിട്ടുള്ള നടപടികൾ എന്തെല്ലാമെന്നു വിശദമാക്കുമോ ?

ഉത്തരം

(എ) 40.39 കോടി രൂപ ചെലവിൽ തമ്പാനൂർ-പഴവങ്ങാടിയിലെ സ്റ്റോം വാട്ടർ ഡ്രെയിനേജ് പദ്ധതി.

(200 ദിവസത്തിനകം പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു.)

(ബി)പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി വയ്ക്കുന്നു.*

(സി&ഡി) ഓരോ പദ്ധതിയും സമയബന്ധിതമായി നടപ്പാക്കാൻ അടിയന്തര നടപടികൾ സ്വീകരിച്ചുവരികയാണ്.

നഗരകാര്യ വകുപ്പിന് കീഴിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ

163 (1601) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരകാര്യ വകുപ്പിന് കീഴിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ ഏതെല്ലാമാണ് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇവ ഓരോന്നിനും എന്ത് തുക വീതം നീക്കിവച്ചിട്ടുണ്ട് ; ഇത് ബഡ്ജറ്റിൽ നീക്കിവച്ചതിന് പുറമെയാണോ ;

(സി) ഇവയിൽ പൂർത്തിയായ പദ്ധതികൾ ഏതെല്ലാം ; പണി ആരംഭിച്ച പദ്ധതികൾ ഏതെല്ലാം ; പണി ആരംഭിക്കാത്ത പദ്ധതികൾ ഏതെല്ലാം ?

ഉത്തരം

(എ&ബി) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പൂർത്തിയായ പദ്ധതികളും ആരംഭിക്കാത്ത പദ്ധതികളും ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല

നഗരങ്ങളെ സ്മാർട്ട് സിറ്റികളായി വികസിപ്പിക്കുന്ന കേന്ദ്ര പദ്ധതി

164 (1602) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര നഗരകാര്യ വകുപ്പ്, ഇന്ത്യയിലെ നൂറ് നഗരങ്ങളെ സ്മാർട്ട് സിറ്റികളായി വികസിപ്പിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്താൻ കേരളത്തിലെ ഏതെല്ലാം പട്ടണങ്ങളെയാണ് ശിപാർശ ചെയ്തിട്ടുള്ളത് ;

(ബി) ഇതിനായി സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തു നിന്നും എന്തൊക്കെ നടപടികളാണ് ആവശ്യമുള്ളത് ; വിശദമാക്കുമോ ?

ഉത്തരം

(എ&ബി) കേന്ദ്ര സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിച്ച സ്മാർട്ട് സിറ്റി പദ്ധതി സംബന്ധിച്ച അന്തിമമാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല

കേരള ടൗൺ & കൺട്രി പ്ലാനിംഗ് ഓർഡിനൻസ്

165 (1603) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികസന അതോറിറ്റികൾ രൂപീകരിക്കാൻ കേരള ടൗൺ & കൺട്രി പ്ലാനിംഗ് ഓർഡിനൻസിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly